# എം. റ്റി.എൽ. പി.സ്കൂൾ
# കീക്കൊഴൂർ ഈസ്റ്റ്

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

## 2025-2026

## INDEX


| TITILE | PAGE. NO. |
|---|---|
| ആമുഖം | 3 |
| വിദ്യാലയ മികവുകൾ | 4 |
| പൊതു ലക്ഷ്യങ്ങൾ | 4 |
| അക്കാദമിക പ്രവർത്തനങ്ങൾ | 5 |
| മാതൃഭാഷ / മലയാളം | 6 |
| ഇംഗ്ലീഷ് | 7 |
| ഗണിതം | 8 |
| ശാസ്ത്രം | 9 |
| ആരോഗ്യ കായിക വിദ്യാഭ്യാസം | 10 |
| വിവരവിനിമയ സാങ്കേതിക വിദ്യ | 10 |
| ഊന്നൽ കൊടുക്കുന്ന പ്രവർത്തനങ്ങൾ- ചുമതലകൾ | 11 |
| ക്ലബ്ബ് പ്രവർത്തനങ്ങൾ | 12 |
| ക്ലാസ് ചുമതലകൾ | 12 |

# ആമുഖം

പൊതു വിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ പ്രധാന - മായ ലക്ഷ്യം ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ്.ഇങ്ങനെ ഒരു സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചക്കുവേണ്ടി തയ്യാറാക്കുന്ന സമഗ്രമായ അക്കാദമിക് മാസ്റ്റർ പ്ലാൻ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സ്ഥാപന പരമായ പ്രധാന രേഖയാണ്.

പത്തനംതിട്ട വിദ്യാഭ്യാസ ജില്ലയിൽ കോഴഞ്ചേരി ഉപജില്ലയിലെ ചെറുകോൽ പഞ്ചായത്തിലെ ചരളേൽ എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഗവൺമെന്റ് എയ്ഡഡ് വിദ്യാലയമാണ് കീക്കൊഴൂർ ഈസ്റ്റ് എം റ്റി എൽ പി സ്കൂൾ ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ്.ഈ വിദ്യാലയം സ്ഥാപിച്ചത് 1915 ൽ ആണ്.കീക്കൊഴൂർ, വയലത്തല,ഉതിമൂട് ഗ്രാമവാസികൾക്ക് അറിവിന്റെ വാതായനങ്ങൾ തുറന്നുകൊടുക്കുന്ന ഈ നാട്ടിലെ ആദ്യത്തെ വിദ്യാലയമാണ് കീക്കൊഴൂർ ഈസ്റ്റ് എം ടി എൽ പി സ്കൂൾ. മാരാമൺ കോഴഞ്ചേരി കുറിയന്നൂർ ചെറുകോൽ മുതലായ സ്ഥലങ്ങളിൽ നിന്നുമുള്ള മാർത്തോമാ സഭാ വിഭാഗത്തിൽപ്പെട്ട കുടിയേറ്റക്കാരുടെ സങ്കേതമായിരുന്നു കിഴക്കുഭാഗത്തുള്ള വീരമല. യാത്രാ സൗകര്യം കുറഞ്ഞ സ്ഥലമായതിനാൽ, പള്ളി ആരാധനയ്ക്ക് ശേഷമുള്ള കൂടി വരവിനും കുട്ടികളെ സൺഡേസ്കൂൾ പഠിപ്പിക്കുന്നതിനും വേണ്ടി പൂവൻ വാഴയിൽ മൂത്ത കുഞ്ഞ് എന്ന മാന്യൻ ഭാഗമായി നൽകിയ സ്ഥലത്തു മരത്തൂണും മുളയും ഉപയോഗിച്ച് പുല്ലുമേഞ്ഞ ഒരു ഷെഡ് ഉണ്ടാക്കി.ഇവിടുത്തെ കൊച്ചുകുഞ്ഞുങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കുവാൻ ദൂരസ്ഥലങ്ങളിലേക്ക് അയക്കേണ്ടി വന്നതിനാൽ ഒരു എഴുത്തുപള്ളിക്കൂടം ആരംഭിക്കുവാൻ നിശ്ചയിച്ചു.സ്ഥലവാസികളായ ഇതര വിഭാഗങ്ങളുടെ സഹകരണത്തോടുകൂടി പ്രാർത്ഥനാ ഷെഡ്ഡിൽ ഒരു പള്ളിക്കൂടം ആരംഭിക്കുകയും ചെയ്തു.1090 മാണ്ട് അഭിവന്ദ്യ തിരുമനസ്സിലെ മാനേജ്മെന്റ് ഇത് രണ്ടാം ക്ലാസോട് കൂടിയ കീക്കൊഴൂർ ഈസ്റ്റ് എം റ്റി എൽ പി സ്കൂൾ ആയി മാറി.വീര മല യിലെ മാർത്തോമാ കാരുടെ ശ്രമഫലമായി ഷെഡ്ഡിന്റെ സ്ഥാനത്ത് സ്കൂൾ ഭംഗിയായി നടത്തുവാൻ തക്കവണ്ണം വെട്ടുകല്ലുകൊണ്ട് കെട്ടി അടച്ചു ഭിത്തികൾ തേച്ചു ഓലമേഞ്ഞ ഒരു കെട്ടിടം ഉണ്ടാക്കി. കൂട്ടത്തിൽ സ്കൂൾ ഉപകരണങ്ങളും നിർമ്മിച്ചു 1103- ൽ മൂന്നും നാലും ക്ലാസ്സുകൾ ആരംഭിച്ചു. പിന്നീടുള്ള വിദ്യാഭ്യാസ പരിഷ്കാരം മൂലം അഞ്ചാം ക്ലാസും ആരംഭിച്ചു. സ്കൂൾ കെട്ടിടത്തിന്റെ സ്ഥാനം ഒരു തോ ടി നോട് ചേർന്ന് ആയിരുന്നതിനാൽ ഇവിടെ നിന്നും മാറ്റി സ്ഥാപിക്കുന്നതിന് ഡിപ്പാർട്ട്മെന്റ് സമ്മർദ്ദം കൂടി വന്നു. ഇക്കാല കാലഘട്ടത്തിൽ ഇടവകയുടെ വികാരി ആയിരുന്ന റെവ സി എ മാത്യുവിന്റെയും നിരന്തര പരിശ്രമവും പ്രാർത്ഥനയും ചുറ്റുപാടുമുള്ള ഇതര വിഭാഗക്കാരുടെ സഹായവും ബഹുമാനപ്പെട്ട എം റ്റി സ്കൂൾ മാനേജർ ആയിരുന്ന ശ്രീ സി റ്റി ചെറിയാൻ

സാറിന്റെ സഹകരണം കൊണ്ടും പഴയ കെട്ടിടവും സ്ഥലവും വിറ്റ് കിട്ടിയ പണവും ചേർത്ത് ഇപ്പോഴത്തെ സ്ഥലവും കെട്ടിടവും മണ്ണിൽ ജോർജ്ജ് മുതലാളിയോട് 1959 ഫെബ്രുവരി പന്ത്രണ്ടാം തീയതി മാനേജ്മെന്റി ലേക്ക് തിറെഴുതി വാങ്ങി. ഡിപ്പാർട്ട്മെന്റിന്റെ അനുവാദത്തിൽ 1960ൽ ഇപ്പോഴത്തെ കെട്ടിടത്തിൽ ക്ലാസുകൾ തുടങ്ങി. പിന്നീടുള്ള വളർച്ചയുടെ ഫലമായി വരാന്തയും രണ്ടു ക്ലാസ്സുകൾ കൂടി നടത്തത്തക്കവിധം ഒരു പോർട്ടിക്കോയും വരാന്തയും ഓഫീസിനു ഉള്ള സൈഡു റൂമും പണികഴിപ്പിച്ചു. കേവലം കൃഷീവലൻ മാരും കുടിയേറ്റക്കാരും ആയ എട്ടു വീട്ടുകാരാൽ ആരംഭിച്ച ഈ സ്ഥാപനം വളർന്നുഒാട് മേഞ്ഞതും ഉറപ്പുള്ളതുമായ കീക്കൊഴൂർ ഈസ്റ്റ് എം റ്റി എൽ പി സ്കൂൾ ആയി ഇന്ന് നിലകൊള്ളുന്നു.

## വിദ്യാലയ മികവുകൾ

- പച്ചക്കറിത്തോട്ടം
- ഔഷധത്തോട്ടം
- മാലിന്യസംസ്ക്കരണ സംവിധാനം
- കളിസ്ഥലം
- എല്ലാ കുട്ടികളുടെയും ഭവനസന്ദർശനം
- ഹരിതവിദ്യാലയം
- സ്കൂൾ ലൈബ്രറി
- ശിശുസൗഹൃദ ക്ലാസ് മുറി

## പൊതുലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികൾക്കും സൗഹൃദപരമായതും കുട്ടികളെ കേന്ദ്രീകരി ച്ചിട്ടുള്ളതുമായ രീതിയിൽ പഠനവും പാഠ്യേതരപ്രവർത്തനങ്ങളും സംഘടിപ്പിക്കും.

2. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വ്യത്യസ്തവും നൂതനവുമായ പഠനതന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും നിരന്തര മൂല്യനിർണ്ണയം നടത്തി വിലയിരുത്തൽ പട്ടിക തയ്യാറാക്കുകയും ചെയ്യുക.

3. കുട്ടികൾ അതാതു ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു വെന്ന് ഉറപ്പു വരുത്തുക.

4. LSS, അക്ഷരമുറ്റം,MTSE

5. പഠനം ആയാസരഹിതവും ആഹ്ലാദകരവുമായ അനുഭവമാക്കി മാറ്റാൻ I C Tസാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തും.

6. കുട്ടികളുടെ പഠനകാര്യത്തിൽ രക്ഷിതാക്കളുടെ നിരന്തര പിന്തുണ ഉറപ്പാക്കുന്ന തരത്തിൽ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പി ക്കും.

7. അക്ഷരവീട് പദ്ധതിയിലൂടെ എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, സംസാരിക്കാനും, വായിക്കാനും എഴുതാനും ഗണിതത്തിൽ അടിസ്ഥാനശേഷി കൈവരിക്കാനുമുള്ള പ്രവർത്തനങ്ങളും ഉറപ്പാക്കും.

8. കുട്ടിയുടെ പഠനതാത്പര്യത്തെയും വ്യക്തിത്വവികാസത്തെയും ത്വരിതപ്പെടുത്തുന്നതിനുള്ള പരിഹാരബോധന പ്രക്രിയയും നിരന്തര മൂല്യനിർണയപ്രക്രിയയും നടത്തും.

9. അക്കാദമികമായ ഉണർവ്വ് ജനിപ്പിക്കുന്നതിൽ എല്ലാ അദ്ധ്യാപ കരുടെയും അറിവിന്റെ സംഭാവനകൾ പരിഗണിക്കും.

10. പഠനത്തിൽ മുന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന, കോച്ചിംഗ് ക്ലാസ്സ് സംഘടിപ്പിക്കും.

11. ലൈബ്രറി വികസനം സാധ്യമാക്കും.(ക്ലാസ്സ് ലൈബ്രറി, ടീച്ചേഴ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി)

12. പഠനയാത്രകൾ സംഘടിപ്പിച്ച് കണ്ടും കേട്ടും നിരീക്ഷിച്ചും പഠനം ഉറപ്പാക്കും.

13. അദ്ധ്യാപകരുടെ I C T പ്രവർത്തനങ്ങൾ പഠനപ്രക്രിയ മെച്ചപ്പെടുത്താൻ ഉപയോഗിക്കും.

14. പുതിയ പുതിയ ടീച്ചിംഗ് എയ്ഡ്സ് നിർമിച്ച് പഠനപ്രക്രിയ എളുപ്പമാക്കും.

15. ശാസ്ത്രമേളകളിലും ക്ലബ് പ്രവർത്തനങ്ങളിലും മികവ് പ്രവർത്തനങ്ങളിലും പരമാവധി കുട്ടികളെ പങ്കെടുപ്പിച്ച് പഠന പ്രവർത്തനങ്ങൾ ക്രമപ്പെടുത്തും.

# അക്കാദമിക പ്രവർത്തനങ്ങൾ

അക്കാദമിക ആസൂത്രണത്തിന്റെ ഭാഗമായി മാത്രമെകുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെയും സവിശേഷവുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ്

മുഴുവൻ കുട്ടികൾക്കും പഠന മുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കാൻകഴിയും. ഞങ്ങളുടെ വിദ്യാലയത്തെ സമൂഹത്തിന്റെ കൂടി സ്ഥാപനമായി എങ്ങനെ മാറ്റാനാകും എന്ന ഉദ്ദേശ്യത്തോടെപ്രതീക്ഷയുണർത്തുന്നതും പ്രചോദനാത്മകവുമായ ഹ്രസ്വകാല, മധ്യമകാല, ദീർഘകാല പ്രവർത്തനങ്ങൾ വിവിധ പദ്ധതികളിലൂടെ തയ്യാറാക്കിയിരിക്കുന്നു.ഇത് നവീകരിക്കപ്പെടുന്ന ശാസ്ത്രരേഖയാണെന്ന സത്യം എടുത്തു പറയുന്നു.

# ഭാഷാവികാസം

## വിഷയം – മാതൃഭാഷ / മലയാളം

### ലക്ഷ്യങ്ങൾ

1. മുഴുവൻ കുട്ടികൾക്കും സർഗാത്മകരചനകൾക്കുള്ള അവസരം നല്കുക.
2. എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കുക.
3. എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നു.
4. സാഹിത്യാഭിരുചി വളർത്താനുള്ള പ്രവർത്തനങ്ങൾ കണ്ടെത്തുക.
5. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാഭ്യാസസാധ്യതകളെ പ്രയോജനപ്പെടുത്തുക.

ഹ്രസ്വം

കഥ, കവിത, ചിത്രരചനകൾ, സമാനപദങ്ങൾ ഉപയോഗിച്ച് വാക്യരചനകൾ ,മലയാളത്തിളക്കം, ശ്രദ്ധ, പദകാർഡ് വായന, ചിത്രപദക്കാർഡ് വായന, വായനാമത്സരം, ,വായനാമത്സരം, പത്രവായന, ദൃശ്യവായന, പുസ്തകവായന, ചിത്രവായന, ഒരു കുട്ടി ഒരു പുസ്തകം സംഭാവന, പുസ്തകത്തെ പരിചയപ്പെടുത്തൽ,സൂചനകൾ നല്കി കഥ, കവിതാരചന,നാടൻ കഥകൾ, കവിതകൾ കേൾക്കൽ, കഥാവതരണം (ഉദാ ആമയും മുയലും),നാടൻ കലകളുടെ പ്രദർശനം, അവതരണം.

മധ്യമം

കഥാപതിപ്പ്, കവിതാപതിപ്പ്, ചിത്രപതിപ്പ് പദച്ചേരുവകൾ, കേട്ടെഴുത്ത്, സംഘപ്രവർത്തനങ്ങൾ, ലൈബ്രറി പുസ്തകം ഒരു പേജ് വായിച്ച് ആശയം എഴുതി തെറ്റ് തിരുത്തൽ (ക്ലാസ് 4)

10. പ്രശ്നപരിഹാരം, പ്രായോഗികപ്രശ്നപരിഹാരം. 11. ജ്യാമിതിയിൽ നിന്നും സംഖ്യകളിൽ നിന്നും പാറ്റേൺ നിർമിക്കുന്നു.

12. work sheetകൾ നിർമിക്കുന്നു.

ഹ്രസ്വം

സംഖ്യാകാർഡുകൾ, ആവർത്തനവായന, എഴുത്ത്, അബാക്കസ്, ചിത്രസഹായത്തോടെയുള്ള പഠനം, പേപ്പർ കട്ടിംഗ്സ്, സംഖ്യാകാർഡുകൾ തമ്മിൽ കൂട്ടി സങ്കലനം,പത്തിന്റെ കൂട്ടങ്ങളാക്കൽ ( കല്ല്, ഈർക്കിലി, വളപ്പൊട്ട്, മഞ്ചാടി etc..ഗ്രൂപ്പുകൾ കൂടിചേർന്ന് സങ്കലനം,കുസൃതികണക്കുകൾ (സങ്കലനം, വ്യവകലനം, ഗുണനം, ഹരണം).

മധ്യമം

സ്ഥാനവിലപോക്കറ്റ് നിർമാണം, ജ്യാമിതീയ രൂപങ്ങൾ പട്ടികപ്പെടുത്തൽ, (നിത്യോപയോഗസാധനങ്ങൾ) വർക്ക് ഷീറ്റുകൾ നിർമാണം, (അധ്യാപിക, കുട്ടികൾ), സങ്കലനപട്ടികപ്രദർശനം, വിലവിവരപട്ടികപ്രദർശനം, തുല്യമായി പങ്കുവെക്കൽ (കേക്ക്, പപ്പടം, ലഡു etc..),ജ്യാമിതീയ രൂപങ്ങൾ വരയ്ക്കൽ, കമ്പ്യൂട്ടർ ഉപയോഗിച്ച് ഗണിതരൂപങ്ങൾ പരിചയപ്പെടുത്തൽ, സംഖ്യാചാർട്ടുകൾ, ഡൈസ്, സംഖ്യാസ്ലിപ്പുകൾ, സംഖ്യാകേളി, സംഖ്യാമാല, പദസൂര്യൻ ഇവയുടെ നിർമാണം.

ദീർഘം

വർക്ക് ഷീറ്റ് നിർമിച്ച് പതിപ്പ് തയ്യാറാക്കുന്നു, ഗണിതകേളികൾ ക്ലാസ്സ് തലത്തിൽ, കുട്ടിക്കവിതകൾ

# വിഷയം - ശാസ്ത്രം

## ലക്ഷ്യങ്ങൾ

1. സസ്യവൈവിധ്യത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് സംരക്ഷണ മാർഗങ്ങൾ നിർദേശിക്കുന്നു.

2. ശുദ്ധജലസ്രോതസ്സുകൾ മലിനമാകുന്ന സാഹചര്യങ്ങൾ കണ്ടെത്താനും ജലസംരക്ഷണമാർഗങ്ങൾ നിർദേശിക്കാനും പ്രാവർത്തികമാക്കാനും കഴിയുന്നു.

3. മഴക്കാലദുരന്തങ്ങൾ ഒഴിവാക്കാനുള്ള മുൻകരുതലുകൾ നിർദേശിക്കുക. നാം ഉപയോഗിക്കുന്ന പച്ചക്കറികളിൽ ചിലതെങ്കിലും സ്വന്തമായി ഉല്പാദിപ്പിക്കേണ്ടവയാണെന്ന് തിരിച്ചറിയുന്നതിനും പച്ചക്കറിത്തോട്ടം നിർമിക്കുന്നതിനും.

4. വ്യക്തിശുചിത്വം,സാമൂഹികശുചിത്വം എന്നിവയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് നിർദേശങ്ങൾ നൽകാനും ശുചിത്വം പാലിക്കാനും.

5. ഊർജസംരക്ഷണപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നു.

# വിഷയം - ആരോഗ്യ കായിക വിദ്യാഭ്യാസം

## ലക്ഷ്യങ്ങൾ

1. ശാരീരിക മാനസിക വളർച്ചയുടെ വികാസം. 2. കായിക വിദ്യാഭ്യാസത്തിന്റെ അനുഭവങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുക.

3. കുട്ടിയുടെ ആരോഗ്യ കായിക വികാസഘട്ടങ്ങളെ ശാസ്ത്രീയമായി പോഷിപ്പിക്കുകയും ആരോഗ്യകരമായ ജീവിതശീലങ്ങളും മനോഭാവങ്ങളും വളർത്തുകയും ചെയ്യുക.

4. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസം ഉറപ്പു വരുത്തുക.

ഹ്രസ്വം

General Exercise, മൈനർ ഗെയിം, (ശാരീരിക മാനസിക വൈകല്യം സംഭവിച്ചവർക്ക്) എല്ലാ ദിവസവും വിവിധതരം ഗെയിം പരിചയപ്പെടൽ , Aerobics, chicken dance, Zumba dance പരിശീലനം (അഴ്ചയിൽ 1ദിവസം)

മധ്യമം, ദീർഘം

Aerobics, chicken dance, Zumba danse,yoga

പ്രോത്സാഹനം. സ്പോർട്സിനോട് താത്പര്യമുള്ളവർക്ക് പ്രത്യേകപരിശീലനം (തുടർച്ചയായി ).

## വിഷയം – വിവരവിനിമയ സാങ്കേതിക വിദ്യ

1.വിവരവിനിമയ സാങ്കേതിക വിദ്യ പ്രദാനം ചെയ്യുന്ന വിഭവങ്ങളാൽ ശാക്തീകൃതമായ പഠനം വിദ്യാലയത്തിൽ പ്രവർത്തികമാക്കി നൂതനസാങ്കേതിക വിദ്യയുടെ മികവ് ക്ലാസ്സ് മുറികളിൽ പ്രയോജനപ്പെടുത്തുക.

2.പഠനവിഭവങ്ങൾ തയ്യാറാക്കിയവ സ്കൂളിൽ എല്ലാവർക്കും പ്രയോജനപ്പെടുത്താൻ കഴിയത്തക്കവിധം സൂക്ഷിക്കാനായി ഓഫ് ലൈൻ റെപ്പോസിറ്ററി ഒരുക്കുക

3.ഇന്ററർനെറ്റിലെ വിവിധ സേവനങ്ങൾ പരിചയപ്പെടുക, കണ്ടെത്തുക, വിക്കി സോഫ്റ്റ് വെയർ ഉപയോഗിക്കാൻ പഠിക്കുക

4.പഠനബോധനപ്രക്രിയക്ക് ആവശ്യമായ ഡിജിറ്റൽ ഉള്ളടക്കം കണ്ടെത്തുക, തയ്യാറാക്കുക

5.ICT ബേസിക് കാര്യങ്ങൾ തിട്ടപ്പെടുത്തുക( മൗസ്,കിബോർഡ്, etc.)

ഹ്രസ്വ മധ്യമ ദീർഘകാല പ്രവർത്തനങ്ങൾ

എല്ലാ വിഷയങ്ങളും I C T പഠനത്തിലൂടെ - smart class ഡിജിറ്റൽ പഠനം മലയാളം ടൈപ്പിംഗ് (ക്ലാസ് 4) IIകചിസ്സ് (ക്ലാസ് 3,4)

പവർ പോയിന്റ് പ്രസന്റേഷൻ( അധ്യാപകർ, ) സ്കൂൾ വിക്കി പരിചയപ്പെടുത്തൽ, Teaching Aids – Teachers ഡിജിറ്റൽ TM

School വാട്സ് ആപ്പ് ഗ്രൂപ്പ് വികസനം

## ഊന്നൽ കൊടുക്കുന്ന പ്രവർത്തനങ്ങൾ- ചുമതലകൾ

1 അക്ഷരവീട് -

പഠനപിന്നോക്കമുള്ളവർക്ക് - തിങ്കൾ - ബുധൻ - 1:30pm– 2:00pm–

2 LSS scholarship coaching –

പഠനത്തിൽ മികവ് പുലർത്തുന്നവർക്ക് – തിങ്കൾ - വ്യാഴം 3:30 pm – 4:00 pm

3. ആഘോഷത്തിനൊരതിഥി (പ്രാദേശിക തലത്തിൽ പ്രഗൽഭരായവർ)

4. ക്ലാസ്സ് ലൈബ്രറി –

5. Field Trip –

6. മലയാളത്തിളക്കം –

7. Hello English –

8. ഉല്ലാസഗണിതം-

9. ഗണിതവിജയം-

10. വിദ്യാരംഗം കലാ സാഹിത്യ വേദി -

11. English Language Lab-

12. ശ്രദ്ധ-

13. ചാരക്കേൽ ബാങ്ക് -

14. ചാരക്കേൽ സ്റ്റോഴ്സ് –

15. ദിനാചാരണങ്ങൾ

## ക്ലബ്ബ് പ്രവർത്തനങ്ങൾ

Science Club – -

Maths Club –

Dance Club –

Art and work club –

Sports Club –

Eco Club- -

## ക്ലാസ് ചുമതല

ചുമർപത്രം, ആസ്വാദനക്കുറിപ്പ് മത്സരം ക്ലാസ്സ് തലം കവിയരങ്ങ്, കാവ്യകേളി, കാവ്യാലാപനം, അക്ഷരശ്ലോകം,ദൃശ്യാവിഷ്ക്കാരം,പത്രവാർത്തകൾ,നാടൻപാട്ട്,പരിശീലനം

ദീർഘം

എന്റെ സ്വന്തം കവിതാസമാഹാരം, ചിത്രസമാഹാരം, കഥാസമാ ഹാരം,വർക്ക് ഷീറ്റ്, പാഠവായന, ന്യൂസ് പേപ്പർ വായന, പദസൂര്യൻ പൂർത്തിയാക്കൽ, വിട്ടുപോയവ കണ്ടെത്തൽ, കവിതാരചന, കഥാരചന സ്വന്തമായി വിഷയം തെരഞ്ഞെടുത്ത് കഥ, കവിത രചിക്കുന്നു ക്വിസ് മത്സരങ്ങൾ, ദിനാചരണങ്ങൾ, നാടൻ പാട്ട് അവതരണം

## വിഷയം – ഇംഗ്ലീഷ്

### ലക്ഷ്യങ്ങൾ

1. ഇംഗ്ലീഷ് തെറ്റു കൂടാതെ വായിക്കാനും എഴുതാനും പഠിക്കുക.

2. സ്വന്തം ആശയങ്ങൾ സ്ഥലകാലസാഹചര്യങ്ങൾക്കനുസരിച്ച് തെറ്റ് കൂടാതെ പ്രകടിപ്പിക്കാനുള്ള ആത്മവിശ്വാസം വളർത്തിയെടുക്കുന്നു.

3.കാണുന്നതും കേൾക്കുന്നതും ഗ്രഹിക്കാനുള്ള കഴിവ് വളർത്തുക.

4. ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കാനും അവയുടെ ഭാഷാനൈപുണ്യം വളർത്താനുമുള്ള ആവേശം കുട്ടികളിൽ ഉണ്ടാക്കുക.

5. മാധ്യമങ്ങളെ വിവേകപൂർവ്വം കൈകാര്യം ചെയ്ത് ഭാഷയെ മെച്ചപ്പെടുത്താൻ പ്രാപ്തരാക്കുക.

ഹ്രസ്വം

ദിവസത്തിൽ വാക്കുകളും അതിന്റെ അർഥവും പഠിക്കുന്നു. ചിത്രങ്ങൾ, വീഡിയോകൾ എന്നിവയുടെ സഹായത്തോടെ സംഭാഷണം (ചിത്രങ്ങൾ, സാഹചര്യങ്ങൾ) ചിത്രങ്ങളെ ആസ്പദമാക്കി distribution തയ്യാറാക്കൽ,English news, English Library, English പത്രം ലഭ്യമാക്കൽ.

മധ്യമം

വാക്കുകൾ വാചകങ്ങളാക്കി വായന, വായിച്ച വാചകങ്ങൾ ആശയാടിസ്ഥാനത്തിൽ എഴുതുന്നു. Englishഅസംബ്ലി. കവിതാവിഷ്കരണം Mind mapping. പത്രവാർത്താവിശകലനം, പുസ്കവായന, പുസ്തകപരിചയം. ദീർഘം

സർഗാത്മകരചനകൾ,സംഭാഷണം,(പരസ്പരം, സംഘാതം) നാടകാവിഷ്കരണം, കഥയെഴുത്ത്, സ്വന്തമായി പത്രവാർത്ത തയ്യാറാക്കുന്നു വായനാക്കുറിപ്പ്.

## വിഷയം - ഗണിതം

### ലക്ഷ്യങ്ങൾ

1.ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനം, വ്യവകലനം എന്നിവ സഹായകമാകുന്നുവെന്ന് തിരിച്ചറിയുന്നു.

2. വസ്തുക്കളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവ് വളർത്തുന്നു.

3. ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുന്നു.

4. കൃത്യതയോടും സൂക്ഷ്മതയോടുംകൂടി കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പര്യാപ്തമാകുന്നു.

5. ഗണിതപഠനത്തിൽ I C Tസാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിത പഠനം ആയാസകരമാക്കുന്നു.

6. ജ്യാമിതീയരൂപങ്ങൾ തിരിച്ചറിയുന്നു, നിർമിക്കുന്നു.

7. സംഖ്യാപാറ്റേണുകൾ എളുപ്പത്തിൽ ചെയ്യുന്നു.

8. ഗുണനപട്ടിക മനഃപാഠമാക്കുന്നു.

9. ചതുഷ്ക്രിയകൾ ഉറപ്പക്കുന്നു.